## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3820

20.10.2016 -ൽ മറുപടിക്ക്

### പെലാജിക് വലകൾ ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ''പെലാജിക് '' വലകൾ ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം നടത്തുന്നതുമൂലം മത്സ്യ സമ്പത്തിൽ നാശം സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. KMFR Act 1980 ഉം ചട്ടങ്ങളും പ്രകാരം പെലാജിക് നെറ്റുകൾ ഉപയോഗിച്ച് ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളെ പിടിക്കുന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം വലകൾ തദ്ദേശീയരായ മത്സ്യബന്ധന തൊഴിലാളികൾ ഉപയോഗിക്കേണ്ടിവന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് കെ.എം.എഫ്.ആർ ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതു മൂലം ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും അതുമൂലമുള്ള തർക്കങ്ങളും പരിഹരിക്കുന്നതിന് ഇംപൗണ്ടിംഗ് കർശനമാക്കുകയും കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് ലംഘിക്കുന്നവർക്ക് പിഴ ചുമത്താറും ഉണ്ട്. |

സെക്ഷൻ ഓഫീസർ